കേന്ദ്രസർക്കാർ വഴി ലഭിച്ചിട്ടുണ്ട്. അത് സംസ്ഥാന വിഹിതം ഉൾപ്പെടെ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചു.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂകമ്മി നികത്താനായി 756 കോടി രൂപ വിനിയോഗിച്ചു. 300 കോടി രൂപ ടി. പി. അക്കൗണ്ട് നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 130 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 209 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി വിനിയോഗിച്ചു. 217.28 കോടി രൂപ ഭരണ നവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ചു. ഇതെല്ലാം താൽക്കാലിക കണക്കുകളാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് ലഭിച്ചാലേ അന്തിമ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ബി) ഉന്നയിച്ചിട്ടില്ല.

(സി) എ.ഡി.ബി.യിൽ നിന്നു ലഭിക്കുന്ന വായ്പ കേന്ദ്രസർക്കാർവഴി അധിക കേന്ദ്രസഹായമായാണ് കേരളത്തിനു ലഭിക്കുന്നത്. ഇതിൽ 30% ഗ്രാന്റാണ്. കേന്ദ്രസർക്കാർവഴി ലഭിക്കുന്ന വായ്പ 9.5% പലിശ സഹിതം തിരിച്ചടയ്ക്കണം. ഇത് കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട തുകയിൽ നിന്നു ഗഡുക്കളായി തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്.

(ഡി) എ.ഡി.ബി. യിൽ നിന്നും സാമ്പത്തിക പരിഷ്ക്കരണ - ഭരണ നവീകരണ പദ്ധതി വകയിൽ തുകയൊന്നും ഇനി ലഭിക്കാനില്ല.

(ഇ) എ.ഡി.ബി. ഉദ്യോഗസ്ഥന്മാർ സംസ്ഥാന ധനകാര്യ വകുപ്പിനെ സഹായിക്കുകയോ ഉപദേശം നൽകുകയോ ചെയ്യുന്നില്ല.

ഗാൻട്രി സൈൻ ബോർഡുകളും മറ്റ് സൈൻ ബോർഡുകളും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ

11 [3264] *ശ്രീ. ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവെ ഉൾപ്പെടെയുള്ള റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ഗാൻട്രി സൈൻ ബോർഡുകളും മറ്റ് സൈൻ ബോർഡുകളും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ധനകാര്യ വകുപ്പ് കണ്ട് അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സൈൻ ബോർഡുകളിൽ പരസ്യം രേഖപ്പെടുത്തുകവഴി ഗവൺമെന്റിന് എന്ത് തുക ലഭിച്ചിട്ടുണ്ട്;

(ഡി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ഏതെങ്കിലും ഘട്ടത്തിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ടെണ്ടർ ചെയ്യാതെ ബോർഡ് സ്ഥാപിച്ചതുവഴി സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബി.ഒ.ടി. വ്യവസ്ഥയിലും കേന്ദ്ര ഫണ്ടിൽ നിന്നുമാണ് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത്. അതിനാൽ വരുമാനം ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) & (എഫ്) ദേശീയ പാതയിൽ കരാറുനൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും വിഭാഗത്തിൽ ടെണ്ടർ ക്ഷണിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

കേന്ദ്രത്തിൽ നിന്നുള്ള അധിക ധനസഹായം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

12 [3265] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രത്തിൽ നിന്ന് ഓരോ വർഷവും കേരളത്തിന് കിട്ടിയ അധിക ധനസഹായം എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് കിട്ടിയത് ഓരോ വർഷവും ഏതൊക്കെ പദ്ധതികളിലാണെന്നും ഓരോ പദ്ധതിക്കും എന്ത് തുക വീതം ലഭ്യമായിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും ഓരോ പദ്ധതിയിലും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly